# പുനലൂർ നഗരസഭ

## സവിശേഷതകൾ

- അജൈവമാലിന്യ ശേഖരണത്തിനായി 50 മുതൽ 75 വീടുകൾക്ക് ഒന്ന് വീതം 35 വാർഡുകളിലായി 200 ലോക്കൽ കളക്ഷൻ സെന്ററുകൾ
- എം.ആർ.എഫ് ൽ എത്തുന്ന അജൈവമാലിന്യങ്ങൾ കൃത്യമായി വേർതിരിച്ച് റീസൈക്ലിങ്ങിന് കൈമാറുന്നു.
- വീടുകളിൽ പൈപ്പ് കമ്പോസ്റ്റുകൾ ശരിയായി പരിപാലിക്കുന്നതിൽ നഗരസഭ ജീവനക്കാരുടെ സമയോചിത ഇടപെടൽ





## ജൈവമാലിന്യ സംസ്കരണം

- നഗരസഭാ പരിധിയിലെ 7000 ത്തോളം വീടുകൾ അവരുടെ മാലിന്യം ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നു.
- ഇതിൽ 5000 വീടുകളിൽ പൈപ്പ് കമ്പോസ്റ്റും, 1000 വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകളും 700 വീടുകളിൽ കമ്പോസ്റ്റ് പിറ്റുകളും



- പൊതുയിടങ്ങളിലെ മാലിന്യ സംസ്കരണത്തിനായി 33 എയ്റോബിന്നുകളാണ് വിവിധ ഇടങ്ങളിലായി സ്ഥാപിച്ചിരിക്കുന്നത്.
- 21 എണ്ണം ശ്രീരാമവർമ്മപുരം മാർക്കറ്റിലും, 6 എണ്ണം ടിബി ജംഗ്ഷനിലും 6 എണ്ണം ഗവൺമെന്റ് താലൂക്ക് ആശുപത്രിയില്



## അജൈവ മാലിന്യ സംസ്കരണം

- പരിശീലനം ലഭിച്ച ഗ്രീൻ വോള ിയർമാർ വീടുകളിൽ നിന്നും, വ്യാപാരസ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച് ലോക്കൽ കളക്ഷൻ സെന്ററിൽ സൂക്ഷിക്കുന്നു.



- അജൈവ മാലിന്യ ശേഖരണത്തിനായി 1 അയൽസഭയ്ക്ക് ഒന്ന് വീതം 35 വാർഡുകളിലായി 200 ലോക്കൽ കളക്ഷൻ സെന്ററുകൾ.

- ലോക്കൽ കളക്ഷൻ സെന്ററിൽ നിന്ന് അജൈവമാലിന്യങ്ങൾ നഗരസഭാ വാഹനത്തിൽ മെറ്റീരിയൽ റിക്കവറി സെന്ററിൽ എത്തിക്കുന്നു.

- 10 ദിവസത്തിലൊരിക്കൽ അതായത് ഒരു ദിവസം 20 ബിന്നുകളിൽ നിന്നും, നഗരസഭാ വാഹനത്തിൽ എം.ആർ.എഫ് ൽ എത്തിക്കുന്നു.

- തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 10 തൊഴിലാളികളെ നിയോഗിച്ച് ര ാം ഘട്ട തരംതിരിവ് നടത്തുന്നു.

- പേപ്പർ, കാർഡ് ബോർഡ്, ക്യാരി ബാഗുകൾ, പെറ്റ് ബോട്ടിൽ, പാൽ കവർ, മെഡിസിൻ സ്ട്രിപ്പ്, സി.എഫ്.എൽ, ട്യൂബ്, ചില്ല്, കുപ്പികൾ എന്നിവ വേർതിരിച്ച് സൂക്ഷിക്കുന്നു.

- വേർതിരിച്ച പ്ലാസ്റ്റിക്കിന്റെ 80 ശതമാനം പാഴ് വസ്തു വ്യാപാരികൾക്ക് നൽകുന്നു. മറ്റ് അജൈവമാലിന്യങ്ങൾ തരംതിരിച്ച് റിക്കവറി സെന്ററുകളിൽ സൂക്ഷിക്കുന്നു. ഇവ മതിയായ അളവിലെത്തുമ്പോൾ ക്ലീൻ കേരള കമ്പനി വഴി അന്യ സംസ്ഥാന വ്യാപാരികൾക്ക് നൽകും.

## പുനലൂർ താലൂക്ക് ആശുപത്രി




- ബയോമെഡിക്കൽ മാലിന്യങ്ങൾ വേർതിരിച്ച് സൂക്ഷിക്കാൻ പ്രത്യേക സംവിധാനങ്ങൾ
- മലിനജല ശുദ്ധീകരണത്തിനായി 70 കെ.എൽ.ഡി സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്
- എയ്റോബിൻ, പ്ലാസ്റ്റിക് റെക്കവറി സെന്റർ, ഇ-മാലിന്യ ശേഖരണ കേന്ദ്രം.
- സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിനോട് ചേർന്ന് പച്ചക്കറി കൃഷിയും പൂന്തോട്ടവും